# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 1672

14.08.2017 ൽ മറുപടിക്ക്

## ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി

**ചോദ്യം:**

**ശ്രീ. വി.ടി.ബൽറാം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാരിലെ ഐ.എ.എസ്./ ഐ.പി.എസ്. വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി ആരെങ്കിലും തേടിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുവാനാണ് അനുമതി തേടിയതെന്നും എന്ത് കുറ്റത്തിനാണെന്നും അതിനുള്ള അപേക്ഷ ഓരോ കേസിലും എന്നാണ് ലഭിച്ചതെന്നും അറിയിക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ ഇതിനകം പ്രോസിക്യൂഷൻ അനുമതി നൽകി; എത്ര കേസുകളിൽ അനുമതി നിഷേധിച്ചു; വിശദാംശം നൽകുമോ?

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, പിതാവിന് വരുമാന സർട്ടിഫിക്കറ്റ് നിഷേധിച്ചതിനെതിരെ ശ്രീമതി. ജോഷി മൃൺമയ് ശശാങ്ക് ഐ.എ.എസിനെ പ്രോസിക്യൂട്ട് ചെയ്യുവാൻ ശ്രീ.റ്റി.വി.മദനൻ 27.05.2017-ന് അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.ടോമിൻ ജെ.തച്ചങ്കരി ഐ.പി.എസ്, ഡോ.ടി.പി.സെൻകുമാർ ഐ.പി.എസിനെ പ്രോസിക്യൂട്ട് ചെയ്യുവാൻ 02.07.2017 അനുമതി തേടിയിട്ടുണ്ട്. സമൂഹ മാധ്യമങ്ങളിൽ ഡോ.ടി.പി.സെൻകുമാർ നടത്തിയ പരാമർശം സംബന്ധിച്ചാണ് പ്രോസിക്യൂഷൻ അനുമതി ആവശ്യപ്പെട്ടിരുന്നത്. കൂടാതെ ശ്രീ.ടോമിൻ ജെ.തച്ചങ്കരി ഐ.പി.എസിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി തേടിക്കൊണ്ട് ശ്രീ.ഋഷിരാജ് സിംഗ് ഐ.പി.എസ്. - എക്സൈസ് കമ്മീഷണറും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി.ആർ.ശ്രീലേഖ ഐ.പി.എസ്., ശ്രീ.എ.ഹേമചന്ദ്രൻ ഐ.പി.എസ്. എന്നിവർക്കെതിരെ ശ്രീ.മുക്കാട്ട് സെബാസ്റ്റ്യൻ എന്നയാൾ, ടിയാനെതിരെ പ്രസ്തുത ഓഫീസർമാർ നൽകിയ ഇന്റലിജൻസ് റിപ്പോർട്ട് ടിയാന്റെ ബിസിനസ് തകരുന്നതിനും ടിയാന്റെ പ്രതിച്ഛായ തകരുന്നതിനും കാരണമായതിനാൽ ഇവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് 29.10.2016-ൽ പ്രോസിക്യൂഷൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസിന്റെയും ശ്രീ.റ്റി.വി.മദനന്റെയും ശ്രീ.ഋഷിരാജ് സിംഗ് ഐ.പി.എസിന്റെയും ശ്രീ.മുക്കാട്ട് സെബാസ്റ്റ്യന്റെയും അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**